# 2 0 - 2 0

PREPARED BY
LITTLE KITEs UNIT
GHSS THEKKUTHODU
0468-2380379 E-mail:ghsstkd@gmail.com

# എഡിറ്റോറിയൽ ............

വളരെ തിരക്കുള്ള ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത് .പഴയ കാലത്തു നമ്മളിൽ ഉണ്ടായിരുന്ന വായനയുടെ ആ നല്ല കാലം ഇന്ന് മാറിക്കൊണ്ടിരിക്കുന്നു .ഇന്ന് വായനയുടെ പ്രാധാന്യം കുറഞ്ഞു വരുക ആണ് .പഴയകാല ലൈബ്രറികളിൽ പലതും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുക ആണ് .വായനയിലൂടെ നമ്മൾ നേടിയ വിശാലമായ അറിവുകളും ഏതു കാര്യത്തെയും പൂർണ്ണമായി വിശകലനം ചെയ്യാനുള്ള കഴിവ് നമുക്ക് നഷ്ടപെട്ടുകൊണ്ടിരിക്കുക ആണ് .ലോകം ഹൈ ടെക് ആയി മാറുന്ന കാലം ആണ് ഇത് .വാട്സ് അപ് ,ഫേസ്ബുക് ,ട്വിറ്റെർ ,ഇൻസ്റ്റാഗ്രാം പോലുള്ള സോഷ്യൽ മീഡിയകളിൽ സജീവമാകാനാണ് ഈ പുയത് തലമുറ കൂടുതലും താല്പര്യം പ്രകടിപ്പിക്കുന്നത് .കൂടുതൽ സമയം സോഷ്യൽ മീഡിയയിൽ മുഴുകുന്നതിലൂടെ വായനയോടുള്ള താല്പര്യം ഇല്ലാതെ ആവുകയാണ് .അതുകൊണ്ടു തന്നെ പഴയ രീതിയിൽ ഉള്ള പുസ്തകം വായിക്കുന്ന ആ സങ്കല്പവും മാറുക ആണ് . പോലുള്ള പുത്തൻ വായന രീതിയിലേക്ക് നമ്മൾ മാറിക്കഴിഞ്ഞു .അത് കൊണ്ട് തന്നെ വായനയുടെ പുതു രീതി പരിചയപ്പെടുത്തുന്ന ഡിജിറ്റൽ മാഗസിനിലേക്കു നമ്മളും മാറുക ആണ് .മൊബൈൽ ഫോണുകളിൽ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ മാത്രം തിരയാതെ വായനയുടെ ഈ പുത്തൻ അനുഭവത്തിലേക്കും നമുക്കും മാറാം .അങ്ങനെ വായിച്ചും ചിന്തിച്ചും ആശയങ്ങൾ ഉൾകൊള്ളുന്ന ഒരു പുരോഗമന ചിന്താഗതിയിലുള്ള ന്യൂ ജെനറേഷൻ തലമുറയെ നമുക്ക് വളർത്തിയെടുക്കാം .ഈ മാഗസിൻ നിങ്ങൾക്കായി സവിനയം സമർപ്പിക്കുന്നു .

NANDHANA B
EDITOR

# PRINCIPAL



## ആശംസകൾ

വിദ്യാർത്ഥികളിൽ വായന ശീലം വളർത്തുന്നതിനോടൊപ്പം ഡിജിറ്റൽ വായനയുടെ പുതിയ ലോകത്തേക്ക് അവരെ കൈ പിടിച്ചു ഉയർത്താൻ ഈ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു

**JIJINEEZA S T**
**GHSS THEKKUTHODU**

# HM in CHARGE



## ആശംസകൾ

തേക്കുതോട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ LITTLE KITES യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 20-20 എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. .തുടർന്നും ഇതുപോലെ ഉള്ള പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

USHA P
GHSS THEKKUTHODU

# അകത്താളുകളിൽ

എഡിറ്റോറിയൽ ..............................................................2

ആശംസകൾ ...........................................................3-4

എഡിറ്റോറിയൽ ബോർഡ് ..............................................6

LITTLE KITEs യൂണിറ്റ് മെംബേർസ് ..........................7

കവിതകൾ ...................................................................8-15

കഥകൾ .......................................................................16-20

ലേഖനങ്ങൾ .................................................................21-23

school ..........................................................................24

നോബൽ സമ്മാനവും ഇന്ത്യക്കാരും ..................................25

അന്താരാഷ്ട്ര ദിനങ്ങൾ .....................................................26

വരകളിലൂടെ ..............................................................27-28

ഓർമ്മചിത്രങ്ങൾ ..........................................................29-31

നന്ദി ................................................................................32

# EDITORIAL BOARD



NANDHANA B
STUDENT EDITOR



SREEKANTH P R
STAFF EDITOR

## MEMBERS



DHANYA PRASAD



SHALU SASI



ALEX S K



SANAL

# LITTLE KITE UNIT MEMBERS 2018-20





SMITHA J B
KITE MISTRESS



SREEKANTH P R
KITE MASTER



SOJAN S
KITE LEADER



SEENA O M
KITE DEPUTY LEADER

# താളം

ചെണ്ടക്കുണ്ടൊരു താളം

ചേലുള്ളൊരു താളം

പീപിക്കു ഉണ്ടൊരു താളം

ഊതി ഉണർത്തും താളം

നാദസ്വരത്തിന് താളം

മധുമഴ പൊഴിയും താളം

ജീവിതമേ ഒരു താളം

എന്തൊരു രസികൻ താളം

Viswalakshmi V Nair
VIII

# സ്നേഹം

സൗഹൃദമായിട്ടുണ്ടാവണം സ്നേഹം
ഒരുമിച്ച നിൽക്കുന്നതാവണം സ്നേഹം
വേർപിരിയാൻ പാടില്ലൊരിക്കലും
നമുക്ക് ഇനി ഉണ്ടാവണം സ്നേഹം
ബന്ധുമിത്രധികളെ തള്ളിപ്പറയുന്ന
ഇനി അത് പാടില്ലൊരിക്കലും
ഗുരുക്കന്മാരെ ബഹുമാനിക്കുന്നതാണ് സ്നേഹം
സ്നേഹമാണ് നമ്മുടെ ജീവിതം
മാതാപിതാക്കളെ മറക്കുന്നത് ആവരുത് സ്നേഹം
ഇനി നമുക്ക് വളർത്താം ഇവിടെ സ്നേഹം

വരുംതലമുറകള്ക്ക്പകർന്നു
കൊടുക്കുന്നതാവണം സ്നേഹം
കുഞ്ഞു പൈതങ്ങൾ ആഗ്രഹിക്കുന്നതും സ്നേഹം
ജീവിതത്തിൽ മറക്കാൻ കഴിയാത്തതു ആകണം സ്നേഹം

SREYA UDAYAN
VIII

# കേരളം

കേര വൃക്ഷങ്ങൾ കൊണ്ട് സമ്പന്നമായ

നാട് കേരളം

കാടുകളും കുന്നുകളും നിറഞ്ഞ

നാട് കേരളം

സമ്പൽ സമൃദ്ധി നിറഞ്ഞു നിൽക്കും

നാട് കേരളം

കേവലം ഒരു ചെറിയ നാടെങ്കിലും ഐശ്വര്യം

ള്ളവും നാട് കേരളം

മാവേലി ഭരിച്ചോരു

നാട് കേരളം

ജനങ്ങൾ ഒന്നിച്ചൊന്നായി നിൽക്കും

നാട് കേരളം

ജനങ്ങൾ ഒന്നിച്ചൊന്നായി പറയും

ഭാഷ മലയാളം

മലയാള ഭാഷ സൃഷ്ടി നമ്മുടെ കേരളത്തിൽ നിന്നും

SREELAKSHMI T S
VIII

# പൂവ്

പൂവേ പൂവേ  വീഴല്ലേ
പൂന്തെന്നൽ വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതുമഴയിൽ ഇതള് പൊഴിക്കല്ലേ
ഒരു ഇതളും നീ  പൊഴിക്കല്ലേ
പുതുമണ്ണിന് ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടൻ ഒരു പൂവിതളും      നൽകല്ലേ
വെള്ളിനിലാവിൽ അലിഞ്ഞ പുഞ്ചിരി  കളയല്ലേ
പൂവണ്ടിന് പ്രണയം  കളിയാണ്
നിന്നെ കാണാൻ എന്നും കൊതി ആണ്
എനിക്ക് നിന്നെ കാണാൻ എന്നും കൊതി ആണ്

DEVAPRIYA P
VI

## മിണ്ടല്ലേ കണ്ണാ ...........

കണ്ണനെ 'അമ്മ വിളിച്ചു
എങ്ങോട്ടു പോയി കള്ളൻ ?
പാല് മറിഞ്ഞു പോകുന്നു
പാത്രം പൊട്ടികിടപ്പൂ
വെണ്ണ കലവും ഉടഞ്ഞു
കണ്ണനെ കാണാൻ ഇല്ല
'അമ്മ വിളിച്ചു നടപ്പൂ
എങ്ങോട്ടു പോയി കള്ളൻ ?
പൂവാലി പയ്യിന്റെ കീഴിൽ
കാള കിടാവിന്റെ പിന്നിൽ
കണ്ണുകൾ പൂട്ടി കുനിഞ്ഞു
കണ്ണൻ ഒളിച്ചിരിക്കുന്നു
' കണ്ണനെ 'അമ്മ വിളിച്ചു
എങ്ങോട്ടു പോയി കള്ളൻ ?
മിണ്ടല്ലേ മിണ്ടല്ലേ കണ്ണാ
കമ്പുണ്ടെ അമ്മതൻ കയ്യിൽ

**JYOTHI V**
**VI**

# എന്റെ അമ്മ

അമ്മയാണ് എന്റെ ദൈവം

അമ്മയാണ് എന്റെ ദൈവം

അമ്മയാണ് എന്നുമെൻ സ്വർഗം

'അമ്മ തരുന്നൊരു സ്നേഹമാണ് എൻ സ്പന്ദനം

എന്നുമെൻ അമ്മയെ ഞാൻ ഓർക്കും

എന്റെ വിജയങ്ങളുടെ തുണ ആണ് എൻ 'അമ്മ

എന്റെ വീടിന്റെ പ്രകാശം ആണ് 'അമ്മ

നമ്മുടെ ഭാഗ്യം ആണ് 'അമ്മ

ഞാൻ എന്റെ അമ്മയെ മറക്കില്ല ജീവനുള്ള-

കാലം വരെയും

PRATHEEKSHA .R
VIII

## പൂന്തോട്ടമാകുന്ന വിദ്യാലയം

പൂന്തോട്ടമാകുന്ന മഴവിൽ പോലെ -
ഓർമകളിൽ ഞാൻ മുഴുകി നിൽക്കേ
അക്ഷരമാകുന്ന പൂക്കൾ കൊണ്ട്
പൂന്തോട്ടമായി മാറുന്ന നേരം
പൂക്കളിൽ നിന്നും തേൻ നുകരനായി
പൂമ്പാറ്റ ആയി ഞാൻ പുലരുമ്പോഴെത്തും
നിൻ തേനാകുന്ന വിദ്യ എൻ
കാതിലോതിയ ഗുരുക്കളെ ഞാൻ ഓർത്തുപോകും
കാലങ്ങൾ എത്ര കടന്നാലും
നിൻ പടിവാതിലിൽ കയറിയ നാൾ മറന്നിട്ടില്ല
സ്നേഹത്തിൽ മധുരമാം എൻ ഓർമയിലെ
ചങ്ങാതിമാരെ ഞാൻ ഓർത്തു പോകും
അവരുമായി ഒരുമിച്ച നിൻ മുറ്റത്തു
പിച്ചവെച്ച നടന്ന നാൾ മറന്നിട്ടില്ല
പുണ്യമാം നിൻ മുന്നിൽ
എത്തിയതാണ് എൻ ഭാഗ്യം

**ANCY S K**
**X**

# 'അമ്മ

അമ്മ എന്നുള്ള അക്ഷരം
മണ്ണിൽ എല്ലാത്തിനും 'മീതെയല്ലോ
എനിക്ക് പ്രചോദനം 'അമ്മ
ഞാൻ അറിഞ്ഞ സത്യവും 'അമ്മ
ഈ ഭൂമിയിൽ ഞാൻ കണ്ട
ദൈവവും 'അമ്മ തന്നെ
പിച്ചവെക്കാൻ .......
പഠിപ്പിച്ചവൾ 'അമ്മ
ഒരു നല്ല വഴികാട്ടിയും
എന്റെ 'അമ്മ
ഒരു നല്ല  തോഴി ആണ് എന്നമ്മ
'അമ്മ തൻ വിരൽ തുമ്പിൽ
ഞാൻ സ്വയം മറന്നു
'അമ്മയാണ് എന്നും എന്റെ
കണ്ണിലുള്ള ദൈവം
അമ്മയെ മറക്കില്ല
ജീവനുള്ള കാലം
"ഈ വാക്കിനോളം സമാനമായി വേറെ ഒരു വാക്കില്ല "

SHILPA M S
VII

# അഹങ്കാരം അത്യാപത്ത്

ഒരു കുളത്തിൽ ഒരു സ്വർണ മീൻ ഉണ്ടായിരുന്നു .വലിയ അഹങ്കാരി ആയിരുന്നു അവൻ .അയ്യയോ നിങ്ങളെ ഒക്കെ കാണാൻ ഒരു ഭംഗിയും ഇല്ല എന്നാൽ എന്നെ നോക്ക് എന്ത് ഭംഗി ആണ് എനിക്ക് .സ്വർണ്ണ മീൻ എപ്പോളും മറ്റു മീനുകളെ കളിയാക്കും .അങ്ങനെ ഇരിക്കെ ഒരു കാക്ക ചേട്ടൻ അത് വഴി വന്നു .കുളത്തിൽ എന്തോ സ്വർണ്ണ നിറത്തിൽ വെട്ടി തിളങ്ങുന്നത് കാക്ക ചേട്ടന്റെ കണ്ണിൽ പെട്ടു.അയ്യടാ അതൊരു സ്വർണ്ണ മീൻ ആണല്ലോ .കാക്ക ചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു .കാക്ക ചേട്ടൻ വേഗം സ്വർണ്ണ മീനെ ഒറ്റ കൊത്തു .ഭാഗ്യത്തിന് സ്വർണ്ണ മീന്റെ ഒരു കുഞ്ഞു ചിറകിനു മാത്രമേ കൊത്തു കൊണ്ടുള്ളൂ.

എന്തായാലും സ്വർണ്ണ മീന് നന്നായി വേദനിച്ചു .തനിക്കു സ്വർണ്ണ നിറം ഉള്ളത് കൊണ്ടാണ് കാക്ക ചേട്ടൻ കൊത്താൻ വന്നത് .അവനു മനസിലായി അതോടെ സ്വർണ്ണ മീന്റെ അഹങ്കാരം എല്ലാം പമ്പ കടന്നു .നല്ലൊരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി

ഗുണപാഠം :നമ്മുടെ അഹങ്കാരം നമുക്ക് ആപത്തു ഉണ്ടാക്കും

**DEVAPRIYA**
**VI**

# മാമ്പഴക്കാലം

കുട്ടികൾ മാവിന്റെ തണലത്തിരുന്നു മതിയാവോളം കളിച്ചു . കളി ഒക്കെ കഴിഞ്ഞു ക്ഷീണിച്ചിരിക്കുമ്പോൾ ആണ് മുകളിലേക്ക് നോക്കിയത് .നിറയെ മാമ്പഴം എല്ലാവരുടെയും ഉള്ളിൽ കൊതിമൂത് .കൈയിൽ കിട്ടിയ കല്ലെടുത്തു തുരു തുരു എന്ന് ഏറു തുടങ്ങി .അപ്പുവിന് മാത്രം വിഷമം തോന്നി .പാവം മുത്തശ്ശി മാവു എത്ര ഏറു കൊള്ളുന്നു .റിന്നവരെയും എറിയാൻ ഒരുങ്ങി നിന്നവരെയും അപ്പു തടഞ്ഞു .ഇത്തിരി മുൻപ് കളിച്ചു രസിച്ചവർ ഇപ്പോൾ വഴക്കായി കാളി കാര്യം ആയി .എല്ലാവരും ചേർന്ന് അപ്പുവിനെ മർദിച്ചു .അവൻ തളർന്നു വീണു .വഴക്കു കണ്ടു ഓടി വന്ന ഒരു വഴിപോക്കൻ കുട്ടികളെ എല്ലാം ഓടിച്ചു വിട്ടു .അപ്പുവിനെ താങ്ങി എടുത്തു മരച്ചുവട്ടിൽ ഇരുത്തി . "വാ ഞാൻ വീട്ടിൽ കൊണ്ട് വിടാം സാരമില്ല ഞാൻ ഇവിടെ ഇരുന്നു അല്പം വിശ്രമിക്കട്ടെ മാമം പൊക്കൊള്ളൂ " .കുറച്ചു കഴിഞ്ഞു തണുത്ത ഒരു കാറ്റ് വീശി മാവിന്റെ ചില്ലകൾ തന്നു വരുന്നത് പോലെ തോന്നി അപ്പുവിന് .പട പട എന്ന ശബ്ദത്തോടെ പഴുത്ത മാങ്ങകൾ താഴെ വീഴുന്നു .അവനു ചുറ്റും ഒന്നല്ല ഒരുപാട് മാങ്ങകൾ താഴെ വീണു .അപ്പുവിന്റെ മനസ്സു നിറഞ്ഞു .കീറിയ അവന്റെ കുപ്പായത്തിൽ താഴെ വീണ മാങ്ങകൾ എല്ലാം പെറുക്കി എടുത്തു മുത്തശ്ശി മാവിന് നന്ദി പറഞ്ഞു അപ്പു വീട്ടിലേക്കോടി

**GANGA S NAIR**
**VIII**

# ബർണാഡ് ഷാ കഥകൾ -ഇംഗ്ലീഷ് വേണ്ട

ലോക പ്രശസ്ത എഴുത്തുകാരൻ ആയ ബർണാഡ്ഷാ ഒരു യോഗത്തിൽ അധ്യക്ഷൻ ആയി പങ്കെടുക്കുക ആയിരുന്നു .പ്രധാന വിഷയം അവതരിപ്പിക്കേണ്ടത് ഒരു ചെറുപ്പക്കാരൻ ആയിരുന്നു .അയാൾ പ്രസംഗം തുടങ്ങി .അല്പം കഴിഞ്ഞപ്പോൾ ബർണാഡ്ഷാ എഴുന്നേറ്റ് ചെന്ന് അയാളുടെ കാതിൽ പതുക്കെ പറഞ്ഞ് " നിങ്ങൾ ഇംഗ്ലീഷിൽ പ്രസംഗിക്കേണ്ട ഐറിഷ് ഭാഷ മതി " അത് കേട്ട് ചെറുപ്പക്കാരന്അല്പം ദേഷ്യം വന്നു അയാൾ ചോദിച്ചു അതെന്താ ഈ ഇരിക്കുന്നവർക്ക് ഇംഗ്ലീഷ് അറിയില്ലേ ബർണാഡ്ഷാ പറഞ്ഞു ഇവർക്ക് ഇംഗ്ലീഷ് അറിയാം അത് കൊണ്ട് തന്നെ ആണ് പ്രസംഗം ഇംഗ്ലീഷിൽ വേണ്ട എന്ന് പറഞ്ഞത്

**SHALU SASI**
**IX**

# രാജാവിന്റെ ഉപദേശകൻ

പണ്ട് കംബോജം എന്ന രാജ്യത്തു സത്യശീലൻ എന്നൊരു മഹാ പണ്ഡിതൻ ഉണ്ടായിരുന്നു .വലിയ അറിവ് ഉണ്ടായിട്ടും തനിക്കു പ്രശസ്തിയോ അംഗീകാരമോ കിട്ടുന്നില്ലന്ന് സത്യശീലനു തോന്നി .നാട് ഭരിക്കുന്ന ധർമ്മസേന രാജാവിനെ അദ്ദേഹം ഒരു ദിവസം നേരിൽ കണ്ടു പറഞ്ഞു എല്ലാ വേദ ഗ്രന്തങ്ങളും എനിക്ക് കാണാപാഠം ആണ് .ഭരണകാര്യങ്ങളിൽ അങ്ങയുടെ ഉപദേശകൻ ആയി എന്നെ നിയമിക്കണം ധർമ്മസേന മഹാരാജാവ് അല്പം നെവർ ആലോചിച്ചിട്ട് പറഞ്ഞു പഠിച്ച എല്ലാ ഗ്രൻഥങ്ങളും അങ്ങ് ഒരു തവണ കൂടി വായിച്ചിട്ടു വരു. രാജാവ് തന്നെ കളിയാക്കുക ആണെന്ന് സത്യശീലനു തോന്നി .ഉള്ളിൽ ദേഷ്യം തോന്നിയെങ്കിലും പുറമെ കാണിക്കാതെ സത്യശീലൻ മടങ്ങി .ആറ് മാസം കഴിഞ്ഞിട്ട് സത്യശീലൻ വീണ്ടും രാജാവിന്റെ കാണാൻ മുന്നിലെത്തി .ആവശ്യം ആവർത്തിച്ചു.അപ്പോൾ ധർമ്മസേന രാജാവ് പറഞ്ഞു ഇവിടെ അടുത്തൊരു കുന്നു ഉണ്ട് അവിടെ ഇരുന്നു ഏകാഗ്രതയോടെ ഒരു തവണ കൂടി ഗ്രന്തങ്ങൾ വായിക്കൂ .മനോഹരമായ സ്ഥലം ആയിരുന്നു അത് .ചുറ്റും കിളികളും മാനുകളും നിറയെ തണൽ മരങ്ങൾ

ഏകാഗ്രതയോടെ വായിക്കുവാ തുടങ്ങിയപ്പോൾ നേരത്തെ പഠിച്ച ഓരോ വരിയിലും വക്കിലാകം പുതിയ ആശയങ്ങൾ ഉണ്ടെന്നു സത്യശീലനു തോന്നി .ആറ് മാസം കഴിഞ്ഞു രാജാവിന്റെ അടുത്തേക്ക് മടങ്ങാൻ സത്യശീലനു തോന്നിയില്ല .അദ്ദേഹം വായന തുടർന്നു.ഒരു വര്ഷം കഴിഞ്ഞു സത്യശീലൻ കുന്നിൻ മുകളിൽ ഒരു കുടിൽ കെട്ടി അതിലിരുന്നു വായനയും പഠനവും നടത്തി .രണ്ടു വര്ഷം കഴിഞ്ഞു ഒരു ദിവസം മഹാരാജാവ് കുന്നിൻ മുകളിലേക്ക് വന്നു .ഇനി അങ്ങ് കൊട്ടാരത്തിൽ വന്നു എന്റെ ഉപദേശകൻ ആകണം .രാജാവ് അപേക്ഷിച്ചു ,ചിരിച്ചു കൊണ്ട് സത്യശീലൻ പറഞ്ഞു അങ്ങയെപ്പോലെ ഒരു മഹാന് ഉപദേശങ്ങൾ ആവശ്യമില്ല .സ്വന്തം സത്യത്തിലും ധർമത്തിലും ഉറച്ചു നിന്ന പ്രജകൾക്കായി ഭരണം നടത്തിയാലും ഞാൻ ഇനി എങ്ങോട്ടും ഇല്ല .എനിക്ക് ഇനിയും ഒരുപാടു പഠിക്കാനുണ്ട് .ഇത്ര കാലവും പഠിച്ചത് വെറും കാണാപ്പാഠം ആയിരുന്നു ഇപ്പോൾ ആണ് അർഥം മനസിലായത് .രാജാവ് ആദരപൂർവം സത്യശീലനെ വണങ്ങി .

ALONA K JAYAN
VI

# നല്ല കൂട്ടുകാർ

വലിയ കൂട്ടുകാർ ആയിരുന്ന അച്ചു മുയലും
അമ്മു മുയലും കിച്ചു  മുയലും കിങ്ങിണി മുയലും .പുഴയരികിലെ പുല്ല് നിറഞ്ഞ മൈതാനത്ത്
പകൽ മുഴുവനും അവർ കളിച്ചു നടക്കും ഇടയ്ക്ക് വിശക്കുമ്പോൾ മൈതാനത്തുള്ള പുല്ല് തിന്നു
വിശപ്പടക്കും .അങ്ങനെ ഇരിക്കെ ഒരു ദിവസം അച്ചു മുയൽ കൂട്ടുകാരോട് പറഞ്ഞു
മഴക്കാലത്തെ ഇങ്ങെത്തി നമുക്ക് മഴയിൽ നിന്നും രക്ഷപെടാൻ വീട് വെക്കണ്ടേ .അത് കേട്ട
അമ്മു മുയൽ പറഞ്ഞു വേണം വേണം

ഞാൻ ഈ പുഴക്കരയിൽ തന്നെ വീട് വെക്കും
.ഇവിടാകുമ്പോൾ മൈതാനത്ത് പുല്ല് ഇഷ്ടം പോലെ ഉണ്ടാകുമലോ കിച്ചു പറഞ്ഞു .ഊം
.........ഞാനും  അയ്യോ ചങ്ങാതിമാരെ മഴക്കാലത്തുണി ഇവിടെ വെള്ളപൊക്കം ഉണ്ടാകും
.നമുക്ക് ആ കാണുന്ന കുന്നിൻ ചരുവിൽ വീട് വെക്കാം അച്ചു മുയലും അമ്മു മുയലും പറഞ്ഞു
.ശരിയാ കൂട്ടുകാരെ അങ്ങനെ ആ മഴക്കാലത്തെ മുഴുവൻ അവരെല്ലാം കുന്നിൻ ചരുവിലെ
മാളത്തിൽ സുഖമായി കഴിഞ്ഞും

ASRYA MOL K A
III

# സാമ്പത്തികരംഗം താഴോട്ട്

ഓരോ ദിവസവും കഴിയും തോറും

ഇന്ത്യയുടെ സാമ്പത്തിക നില താഴോട്ട ആണ്. .ഇന്ത്യയേക്കാൾ ഒരുപാടു ചെറുതായ ബംഗ്ലാദേശ് ഇതിൽ മുന്നിലാണ് .ഇതിനു കാരണം സാധനങ്ങളും സേവനങ്ങളും കുറഞ്ഞത് കൊണ്ടാണ് .ആവശ്യത്തിന് ജോലി നമ്മുടെ ഇന്ത്യയിൽ ലഭിക്കുന്നില്ല .ജോലി ചെയ്യാനും ഒരുപാടു പേര് തയ്യാറാകുന്നില്ല .അതുകൊണ്ടു ഉൽപ്പാദനം കുറഞ്ഞു ചെലവ് കൂടി .ആർക്കും സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ല .ഉള്ള സാധനത്തിന്റെ എല്ലാം വില കൂടി .ജോലി കുറവ് ആയതു കൊണ്ട് പണവും ആവശ്യത്തിന് കിട്ടിയില്ല .ഇത് സമ്പദ് വെയേവസ്ഥയുടെ താഴോട്ടുള്ള പോക്ക് സുഗമമാക്കി .സർക്കാർ വിവിധ ജോലികൾക്കു അവരുടേതായ നിക്ഷേപം നൽകിയില്ല .ചരക്കു സേവന നികുതി (GST )ഒരു തരത്തിൽ നമുക്ക് പ്രയോജനം ആണ് .മറ്റൊരു തരത്തിൽ അത് ദോഷം ആണ് .അതുകൊണ്ടു സാമ്പത്തിക രംഗം ഉണരട്ടെ

**ARLON STEPHEN**
**VIII**

# അലാമിന്റെ കഥ

പണ്ട് കാലത്തു തന്നെ മനുഷ്യർ അപകടം അറിയിക്കാൻ മണിയടി ശബ്ദവും മറ്റും ഉപയോഗിച്ചിരുന്നു . 1799 ൽ ജോൺ റോബിൻസൺ എന്ന സ്കോട്ട്ലൻഡ് കാരൻ ആണ് ആദ്യത്തെ അലാം ഉണ്ടാക്കിയത് .വലിയ ശബ്ദം ഉണ്ടാക്കുന്ന ഒരു പെട്ടി ആയിരുന്നു ഇത് . 1819 ൽ ഫ്രഞ്ച് എഞ്ചിനീയർ ആയ ചാൾസ് കാഗ്നിയാർഡ് കൂടുതൽ നല്ല അലാംകണ്ടുപിടിച്ചു .

എല്ലാം നാട്ടുകളിലും വൈദ്യുതി എത്തിയതോടെ ഇത്തരം അലമുകളൊക്കെ പോയി പകരം വൈദ്യുതി അലാം വന്നു .ഓരോ രാജ്യത്തും ഉപയോഗിക്കുന്ന അലമുകൾ തമ്മിൽ വെത്യാസം ഉണ്ട് .ശബ്ദ ശല്യം ഇല്ലാതാക്കാൻ അലാം തന്നെ ഒഴിവാക്കാൻ ചില രാജ്യങ്ങൾ ആലോചിക്കുന്നുണ്ട് .കള്ളന്മാർ കയറിയാൽ തനിയെ മുഴങ്ങുന്ന അലമുകൾ ഇപ്പോ ഉണ്ട് . BURGULAR ALARM എന്നാണ് ഇതിന്റെ പേര്

ADARSH LAL
VIII

# ഇന്ത്യൻ ഭരണഘടന

ഇന്ത്യയുടെ നിയമ പുസ്തകം ആണ് ഭരണഘടന. 2019 ൽ 70 വാർഷികം ആണ് നാം ആഘോഷിക്കുന്നത് .നമ്മുടെ ഭരണഘടനയെ കുറിച്ച് നമ്മൾക്ക് അഭിമാനിക്കാം .ലോകത്തിലെ എഴുതപെട്ട ഏറ്റവും വലിയ ഭരണഘടനാ ഇന്ത്യയുടേതാണ് .ഇത് പൗരന് മെച്ചപ്പെട്ട ജീവിതം നൽകുന്നു .നമ്മുടെ രാജ്യത്തെ നിയമ വെവസ്ഥകളിലൂടെ സംരക്ഷിക്കുന്നത് ഭരണഘടനാ ആണ് .ഇന്ത്യയുടെ രാഷ്ട്രീയ രൂപീകരണത്തിന് അടിത്തറ ആയതു ഇന്ത്യൻ ഭരണഘടനാ ആണ് .ക്യാബിനറ്റ് മിഷന്റെ നിർദേശം പ്രകാരം 1946 ൽ രാജേന്ദ്ര പ്രസാദ് അധ്യക്ഷനായി ഒരു ഭരണഘടനാ നിര്മാണസഭ രൂപികരിച്ചു .ഭരണഘടനാ എഴുതി തയ്യാറാക്കാനായി Dr.B R അംബേദ്കറുടെ അധ്യക്ഷതയിൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റയെ നിയമിച്ചു .നിരവധി ചർച്ചകളുടെയും സംവിധാനങ്ങളുടെയും ഫലമായി ഭരണഘടനക്ക് രൂപം നൽകി .ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ഉയര്ന്നു വന്ന ആശയാഭിലാഷങ്ങളുടെ പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘടനാ .1950 ജനവരി 26 ന ഇന്ത്യയുടെ ഭരണഘടനാ നിലവിൽ വരുകയും ഇന്ത്യയെ റിപ്പബ്ലിക്ക് ആയി പ്രഖ്യാപിക്കുകയും ചെയ്തു .ഭരണഘടനയുടെ ആമുഖം എഴുതിയത് ജവഹർലാൽ നെഹ്‌റു ആണ് .നമ്മുടെ ഭരണഘടനയെ അസ്ഥിരപ്പെടുത്തുന്ന ഒന്നും പൗരന്മാരായ നമ്മൾ ചെയ്യരുത്

SREENATH T S
X

# SCHOOL

S-Sincerity

C-Character

H-Habits

O-Observation

O-Objective

L-Learning

PUNYA
VIII

# നോബൽ സമ്മാനവും ഇന്ത്യക്കാരും

| വ്യക്തികൾ | വർഷം | വിഷയം |
|---|---|---|
| രവീന്ദ്രനാഥ ടാഗോർ | 1913 | സാഹിത്യം |
| C V രാമൻ | 1930 | ഭൗതികശാസ്ത്രം |
| H G ഖുറാനെ | 1968 | വൈദ്യശാസ്ത്രം |
| മദർ തെരേസ | 1979 | സമാധാനം |
| S ചന്ദ്രശേഖർ | 1983 | ഭൗതികശാസ്ത്രം |
| അമർത്യാസെൻ | 1998 | സാമ്പത്തികശാസ്ത്രം |
| വെങ്കിട്ടരാമൻ രാമകൃഷ്ണൻ | 2009 | രസതന്ത്രം |
| അഭിജിത് ബാനർജി | 2019 | സാമ്പത്തികശാസ്ത്രം |

**ANUJA ANIL**
**VII**

# അന്താരാഷ്ട്ര ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി | 30 | -അന്താരാഷ്ട്ര അഹിംസ ദിനം |
| ഫെബ്രുവരി | 2 | -ലോക തണ്ണീർത്തട ദിനം |
| ഫെബ്രുവരി | 4 | -ലോക കാൻസർ ദിനം |
| ഫെബ്രുവരി | 21 | -മാതൃഭാഷ ദിനം |
| മാർച്ച് | 8 | -ലോക വനിതാ ദിനം |
| മാർച്ച് | 21 | -ലോക വന ദിനം |
| മാർച്ച് | 22 | -ലോക ജല ദിനം |
| മാർച്ച് | 23 | -ലോക കാലാവസ്ഥ ദിനം |
| ഏപ്രിൽ | 1 | -വിഡ്ഢി ദിനം |
| ഏപ്രിൽ | 7 | -ലോക ആരോഗ്യ ദിനം |
| ഏപ്രിൽ | 23 | -ലോക പുസ്തക ദിനം |
| മെയ് | 1 | -തൊഴിലാളി ദിനം |
| മെയ് | 8 | -റെഡ് കുരിശ് ദിനം |
| മെയ് | 31 | -ലോക പുകയില വിരുദ്ധ ദിനം |
| ജൂൺ | 5 | -പരിസ്ഥിതി ദിനം |
| ജൂൺ | 12 | -ബാല വേല വിരുദ്ധ ദിനം |
| ജൂൺ | 21 | -ലോക യോഗ ദിനം |
| ജൂൺ | 26 | -മയക്ക മരുന്ന് വിരുദ്ധ ദിനം |
| ജൂലൈ | 11 | -ജനസംഖ്യ ദിനം |
| ജൂലൈ | 12 | -മലാല ദിനം |
| ഓഗസ്റ്റ് | 6 | -ഹിരോഷിമ ദിനം |
| ഓഗസ്റ്റ് | 9 | -നാഗസാക്കി ദിനം |
| സെപ്റ്റംബർ | 8 | -സാക്ഷരതാ ദിനം |
| സെപ്റ്റംബർ | 16 | -ഓസോൺ ദിനം |
| സെപ്റ്റംബർ | 21 | -അൽഷിമേഴ്സ് ദിനം |
| ഒക്ടോബർ | 2 | -അഹിംസ ദിനം |
| ഒക്ടോബർ | 5 | -ലോക അധ്യാപക ദിനം |
| ഒക്ടോബർ | 24 | -ഐക്യ രാഷ്ട്ര ദിനം |
| നവംബർ | 14 | -ലോക പ്രമേഹ ദിനം |
| ഡിസംബർ | 1 | -എയ്ഡ്സ് ദിനം |
| ഡിസംബർ | 10 | -മനുഷ്യാവകാശ ദിനം |

SURYA DEV K S
VII





**ALBIN P S**
**IX**





ASWIN A K
IX

# പ്രവേശനോത്സവം 2019-20









# യോഗ ദിനം -JUNE 21






# പുസ്തക പ്രദർശനം



# സദ്ഗമയ




# LITTLE KITEs Camp



# നന്ദി



അക്ഷരങ്ങളുടെ ലോകത്തേക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉള്ള ഈ യാത്രയിൽ ഞങ്ങളെ സഹായിച്ച ഈ സ്കൂളിലെ അധ്യാപകർ അനധ്യാപകർ വിദ്യാർത്ഥികൾ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപെടുത്തുന്നു

**By**

**LITTLE KITEs UNIT**

**GHSS THEKKUTHODU**

**UNIT NO:38081**